**ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ നടപടി ക്രമം**

**(ഹാജർ - ശിവദാസൻ. എം)**

വിഷയം- ജലസേചനം – ജീവനകാര്യം – ഒന്നാമത് Major and Medium Irrigation Projects (MMI) സെൻസസ്. Major/ Medium Irrigation Projects ഡിവിഷനുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ജില്ലാ നോഡൽ ഓഫീസറായി നിയമിക്കുന്നത് - സംബന്ധിച്ച്

പരാമർശം: കേന്ദ്ര ജലശക്തി മന്ത്രാലയത്തിന്റെ 27-06-2023 തീയതിയിലെ D.O.No. V-53011/1/2022-MI(Stat.)നമ്പർ കത്ത്.

**ഉത്തരവ് നം. CEIA 3262/2023 PL1(A) തിയതി - 16-01-2025**

2023-24 അടിസ്ഥാന വർഷമാക്കി ഏഴാമത് Major/Medium (MI) സെൻസസ്, രണ്ടാമത് വാട്ടർ ബോഡി സെൻസസ്, ഒന്നാമത് മേജർ & മീഡിയം ഇറിഗേഷൻ പ്രോജക്ടുകളുടെ സെൻസസ് ഒന്നാമത് സ്പ്രിംങ് സെൻസസ് എന്നിവ നടത്തുവാൻ കേന്ദ്ര ജലശക്തി മന്ത്രാലയം മേൽ പരാമർശം പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും), ജോയിന്റ് ഡയറക്ടർ (ആർ.എം.ഐ.എസ്.സെൽ) എന്നിവരെ യഥാക്രമം സെൻസസ് കമ്മീഷണറായും സംസ്ഥാന നോഡൽ ഓഫീസറായും ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഒന്നാമത് മേജർ & മീഡിയം ഇറിഗേഷൻ സെൻസസ് കാര്യക്ഷമമായും, സമയബന്ധിതമായും നടപ്പിലാക്കുന്നതിനായി സംസ്ഥാന ജലസേചന വകുപ്പിലെ അതത് **മേജർ & മീഡിയം ഇറിഗേഷൻ പ്രോജക്ടുകളുടെ ചുമതലയുള്ള ഡിവിഷനുകളിലെ (എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ) ജില്ലാ നോഡൽ ഓഫീസർമാരായി ചുമതലപ്പെടുത്തി ഉത്തരവാകുന്നു.**

ഒന്നാമത് മേജർ & മീഡിയം ഇറിഗേഷൻ സെൻസസിന്റെ ജില്ലയിലെ പ്രവർത്തനങ്ങളുടെ പൂർണ്ണ ചുമതല ജില്ലാ നോഡൽ ഓഫീസർമാരിൽ നിക്ഷിപ്തമാണ്. മേജർ & മീഡിയം ഇറിഗേഷൻ പ്രോജക്ടുകളുടെ സെൻസസിന്റെ കാര്യക്ഷമമായും സുഗമവുമായ **നടത്തിപ്പിനുവേണ്ടി Engineer in Chief (Chief Engineer, Irrigation and Administration) പദ്ധതി വിഭാഗങ്ങളിലെ ചീഫ് എഞ്ചിനീയർമാർക്കും, ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും User Id, Password - ഉം നൽകും** .ഇവർ അവരുടെ കീഴിലുള്ള **സൂപ്രണ്ടിംഗ് എഞ്ചിനീയർ / എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് User Id - ഉം Password - ഉം നൽകണം. അവർ യഥാക്രമം അവരുടെ കീഴിലുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർ/ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് User Id - ഉം Password - ഉം നൽകണം.**

എക്സിക്യൂട്ടീവ് എഞ്ചിനീയർ/ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ **Web Portal - ൽ ലഭ്യമായിട്ടുള്ള പട്ടികയിൽ** (ie., Schedule for census of Major Medium Irrigation Projects (MMI)) കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതും സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ/ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് സമർപ്പിക്കേണ്ടതുമാണ്. സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ/ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ അവർക്ക് **Web Portal - ൽ ലഭിച്ച** വിവരങ്ങൾ **100%** പരിശോധിച്ച്, ആവശ്യമായ തിരുത്തലുകൾ വരുത്തിയതിനു ശേഷം validate ചെയ്ത വിവരങ്ങൾ ചീഫ് എഞ്ചിനീയർമാർ/ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്ക് സമർപ്പിക്കേണ്ടതാണ്. ചീഫ് എഞ്ചിനീയർമാർ/ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്ക് **Portal** വഴി ലഭ്യമായ വിവരങ്ങളിൽ കുറഞ്ഞത് **25%** എങ്കിലും പരിശോധിച്ചതിനു ശേഷം, തിരുത്തലുകൾ ആവശ്യമാണെങ്കിൽ അവ ഉൾപ്പെടുത്തിയതിനു ശേഷം Engineer in Chief

Signed by Sivadasan M
Date: 16-01-2025 17:04:37

(Chief Engineer, Irrigation and Administration) നൽകേണ്ടതാണ്.

**ചീഫ്എഞ്ചിനീയർ**

പകർപ്പ്

1. ചീഫ് എഞ്ചിനീയർ (പദ്ധതി വിഭാഗം 1 /പദ്ധതി വിഭാഗം 2 / ഐ.ഡി.ആർ.ബി.)
2. മേജർ & മീഡിയം ഇറിഗേഷൻ പ്രോജക്ടുകളുടെ ചുമതലയുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ
3. മേജർ & മീഡിയം ഇറിഗേഷൻ പ്രോജക്ടുകളുടെ ചുമതലയുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ
4. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, വർക്സ്
5. ജോയിന്റ് ഡയറക്ടർ (ആർ.എം.ഐ.എസ്.സെൽ)
6. ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) — യുടെ സി.എ.
7. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി.